പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **02.03.2017-ൽ മറുപടിക്ക്**

**ചോദ്യം നം. 1428**

**<u>പരവൂർ തെക്കും ഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ജി. എസ്. ജയലാൽ** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കൊല്ലം പരവൂർ തെക്കും ഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായുള്ള CWPRS ന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി CWPRS നടത്തുന്ന മാതൃകാ പഠനങ്ങളിൽ<br>i) മാത്തമെറ്റിക്കൽ മോഡൽ സ്റ്റഡീസ് ഫോർ ഷോർലെയ്ൻ ചെയ്ഞ്ചസ്<br>ii) മാത്തമെറ്റിക്കൽ സ്റ്റഡീസ് ഫോർ വേയ്വ് ട്രാൻക്വിലിറ്റി<br>iii) മാത്തമെറ്റിക്കൽ മോഡൽ സ്റ്റഡീസ് ഫോർ ഇൻവെസ്റ്റിഗേഷൻ ഓഫ് ടൈഡൽ ഹൈഡ്രോഡൈനാമിക്സ് ആന്റ് സെഡിമെന്റ് ട്രാൻസ്പോർട്ട് എന്നീ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ CWPRS-ൽ നിന്നും ജിയോടെക്നിക്കൽ സ്റ്റബിലറ്റി സ്റ്റഡീസ്, ഡസ്കക്ക് ആന്റ് വേവ് ഫ്ലൂം സ്റ്റഡി എന്നിവയുടെ പഠന റിപ്പോർട്ട് ലഭ്യമാകേണ്ടതുണ്ട്. |
| (ബി) | ഹാർബറിനായുള്ള പരിസ്ഥിതി പഠനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് ആരംഭിച്ചുവെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | ഇല്ല. CWPRS നടത്തുന്ന മാതൃകാ പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പരിസ്ഥിതി പഠന റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഹാർബറിന്റെ നിർമ്മാണം തുടങ്ങുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ഉണ്ടെന്ന് അറിയിക്കുമോ; | (സി) | പരിസ്ഥിതിപഠനം പൂർത്തീകരിച്ചതിനു ശേഷം സി.ആർ.ഇസഡ് സ്റ്റാറ്റസ് റിപ്പോർട്ട് സെസ്സിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. തുടർന്ന് സി.ആർ.ഇസഡ്/ഇ.ഐ.എ ക്ലിയറൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള എൻ.ഒ.സി, എന്നിവ ലഭ്യമായശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം തേടേണ്ടതുണ്ട്. |
| (ഡി) | ഹാർബർ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത ഹാർബർ സ്ഥാപിക്കുന്നതിന് നിലവിൽ തടസ്സമുള്ളതായി റിപ്പോർട്ടില്ല. |

സെക്ഷൻ ഓഫീസർ